# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1562 13.07.2011-ൽ മറുപടിക്ക്.

<u>മുൻസർക്കാർ ലോക ബാങ്കിൽനിന്നെടുത്ത വായ്പ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.പി.വിൻസെന്റ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണവകുപ്പിന്റെ ആസൂത്രണം,സേവനവ്യവസ്ഥകൾമെച്ചപ്പെടുത്തൽ, ആധുനികവൽക്കരണം എന്നി വയ്ക്കായി മുൻസർക്കാർ ലോകബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; ഇതിലേയ്ക്കായി ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വേൾഡ് - ബാങ്ക് സഹായത്തോടെ കേരളസർക്കാർ ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും സേവനഗുണനിലവാരം ഉയർത്തുന്നതിനായി കേരള ലോക്കൽ ഗവൺമെന്റ്സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) - ന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 01.01.2011- ലെ സ.ഉ (എം.എസ്)2/2011/എൽ.എസ്.ജി.ഡി.നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത പ്രോജക്ടിന്റെ ഉടമ്പടി വേൾഡ് ബാങ്കുമായി സംസ്ഥാന ഗവൺമെന്റ് ഒപ്പുവച്ചത് 04.07.2011-നായിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിൽ അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | രാജ്യാന്തര വികസന ഏജൻസി (ഐ.ഡി.എ) മുഖാന്തിരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്ന കാര്യംഗൗരവമായികാണുമോ; | (സി) | IDA (International Development Association) മുഖേനയാണ് വായ്പ ലഭ്യമാക്കുന്നതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിലവിലുള്ള പദ്ധതി ആസൂത്രണ നിർവഹണ നടപടിക്രമങ്ങൾപാലിച്ചുകൊണ്ടാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത് |
| (ഡി) | തുക ലാപ്സായാൽ വകമാറ്റാനോ ഖജനാവിലേയ്ക്ക് മുതൽകൂട്ടാനോ സാധിക്കില്ല എന്ന സാഹചര്യം മനസ്സിലാക്കി പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറുമോ എന്ന് വ്യക്തമാക്കുമോ ? | | പ്രസ്തുത പ്രോജക്ടിന്റെ കാലാവധി 2011 മുതൽ 2015 വരെ നാല് വർഷമാണ്. ഓരോ വർഷവും ചെലവഴിക്കാത്ത തുക ലാപ്സാകുന്നതല്ല. എന്നാൽ പ്രോജക്ട് അവസാനിക്കുമ്പോൾ ചെലവഴിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്. |

സെക്ഷൻ ആഫീസർ.